**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുമ്പളങ്ങി പഞ്ചായത്തിൽ നിലവിലുള്ള പാർക്കിന്റെ പരിപാലനം കുടുംബശ്രീയെ ഏൽപിക്കുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം.**1531/2017**/തസ്വഭവ തീയതി, തിരുവനന്തപുരം **10.05.2017**

---

പരാമർശം :- കുമ്പളങ്ങി പഞ്ചായത്ത് പ്രസിഡന്റിന്റെ 27.03.17 ലെ കത്ത്

**ഉത്തരവ്**

കുമ്പളങ്ങി പഞ്ചായത്തിൽ നിലവിലുള്ള പാർക്ക് യഥാവിധി പാലിക്കാൻ കഴിയാതെ നാശത്തിന്റെ വക്കിലേക്ക് നീങ്ങുകയാണെന്നും ആയതിനാൽ കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തി പഞ്ചായത്ത് കമ്മിറ്റിയുടെ മേൽ നോട്ടത്തിൽ പ്രസ്തുത പാർക്ക് ഏറ്റെടുത്തു നടത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്നും ആയതിന് അംഗീകാരം നൽകണമെന്നും കുമ്പളങ്ങി പഞ്ചായത്ത് പ്രസിഡണ്ട് പരാമർശം (1)പ്രകാരം അറിയിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കുമ്പളങ്ങി പഞ്ചായത്തിൽ നിലവിലുള്ള പാർക്കിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട്, പരിപാലനം കുടുംബശ്രീയെ ഏൽപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എ.കെ.മോഹനകുമാർ**

ഗവ.ജോയിന്റ് സെക്രട്ടറി.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

കുമ്പളങ്ങി പഞ്ചായത്ത് പ്രസിഡണ്ട്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**